<u>പതിനാലാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 2577 09/05/2017-ൽ മറുപടിക്ക്

<u>പി.എം.കെ.എസ്.വൈ പദ്ധതി</u>

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി | ശ്രീ. വി.എസ് .സുനിൽ കുമാർ<br>(ബഹു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പി.എം.കെ.എസ്.വൈ (പ്രധാൻ മന്ത്രി കൃഷി സിഞ്ചായീ യോജന) പദ്ധതി പ്രകാരം കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ഇതുവരെ ലഭിച്ച തുകയുടെയും ചെലവാക്കിയ തുകയുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; എത്ര കോടി രൂപയുടെ ഇറിഗേഷൻ പ്ലാനുകളാണ് സംസ്ഥാനം കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുള്ളത്; ജില്ല തിരിച്ച വിവരങ്ങൾ ലഭ്യമാക്കുമോ ; | എ) | കൃഷി വകുപ്പ്, ഗ്രാമവികസന വകുപ്പ്, ജലസേചന വകുപ്പ്, എന്നിവ മുഖാന്തരമാണ് പി.എം.കെ.എസ്.വൈ പദ്ധതി നടപ്പിലാക്കുന്നത്.<br>2015-16 സാമ്പത്തിക വർഷം കൃഷി വകുപ്പിന് 352.82 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. ആയത് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.<br>ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന പി.എം.കെ.എസ്.വൈ പദ്ധതിയുടെ നീർത്തട ഘടകത്തിന്റെ നടത്തിപ്പിനായി 2016-17 സാമ്പത്തിക വർഷം കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽ നിന്നും 16.62 കോടി രൂപയും കേന്ദ്ര കൃഷി മന്ത്രാലയത്തിൽ നിന്നും 5 കോടി രൂപയും ലഭ്യമായിട്ടുണ്ട്. ആയതിൽ കേന്ദ്ര കൃഷി മന്ത്രാലയത്തിൽ നിന്നും ലഭിച്ച തുക പൂർണ്ണമായും കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽ നിന്നും ലഭിച്ച തുകയുടെ 75%വും വിനിയോഗിച്ചിട്ടുണ്ട്.<br>കേന്ദ്ര ജലവിഭവ മന്ത്രാലയത്തിൽ നിന്നും പി.എം.കെ.എസ്.വൈ പദ്ധതിയുടെ കീഴിലുള്ള |

| | | | |
|---|---|---|---|
| | | | ജലസേചന പ്രവർത്തനങ്ങൾക്കായി ധനസഹായം ഒന്നും തന്നെ ലഭിച്ചിട്ടില്ല.<br>ജില്ലാതല ജലസേചന പ്ലാനുകളുടെ രൂപീകരണം പൂർത്തിയാക്കുന്ന പ്രവർത്തികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | പി.എം.കെ.എസ്.വൈ പദ്ധതി പ്രകാരം എ.ഐ.ബി.പി യുടെ കീഴിൽ ഓരോ ജില്ലകളിലെയും ഏതെല്ലാം പ്രവർത്തികളാണ് ഉൾപെടുത്തിയിട്ടുള്ളത്; ഈ വർഷത്തെ പി.എം.കെ.എസ്.വൈ പദ്ധതിയിൽ സംസ്ഥാനത്തിന്റെ വിഹിതം എത്രയാണ്; ഇത് ലഭ്യമാക്കാൻ സ്വീകരിച്ച നടപടി കൾ വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിലവിൽ സംസ്ഥാനത്തെ നാല് ജലസേചന പദ്ധതികളാണ് പി..എം.കെ.എസ്.വൈ- എ.ഐ.ബി.പി പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് - കാരാപ്പുഴ, കുറ്റ്യാടി , കാഞ്ഞിരപ്പുഴ, മൂവാറ്റുപുഴ. കൃഷി വകുപ്പി നുള്ള ഈ വർഷത്തെ സംസ്ഥാന വിഹിതം കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് ജില്ലാതല ജലസേചന പ്ലാനുകൾക്കും സംസ്ഥാനതല ജലസേചന പ്ലാനുകൾക്കും അന്തിമരൂപം നൽകി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലൂടെ ഒരോ ജില്ലകളും കൈവരിച്ച ഭൗതിക നേട്ടങ്ങൾ വ്യക്തമാക്കുമോ? | (സി) | ഓരോ ജില്ലയിലെയും ജില്ലാതല ജലസേചന പ്ലാനിന് അന്തിമ രൂപം നൽകി വരുന്നു. 2017-18-ൽ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്ന പദ്ധതികൾ മുൻഗണനാ ക്രമം നിശ്ചയിച്ച് 2017-18-ലെ ആനുവൽ ആക്ഷൻ പ്ലാനിന് രൂപം നൽകുന്ന നടപടികൾ പൂർത്തീകരിച്ചു് വരുന്നു. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പി.എം.കെ. എസ്.വൈ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച അവബോധം കർഷകരിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലും സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ |

| | | | |
|---|---|---|---|
| | | | സഹകരണത്തോടെ ജില്ലാതല ജലസേചന പ്ലാനിന് അന്തിമ രൂപം നൽകി വരുന്നു.<br>പി.എം.കെ.എസ്.വൈ പദ്ധതിയുടെ ഗ്രാമ വികസന വകുപ്പ് വഴി നടപ്പിലാക്കുന്ന നീർത്തട ഘടകം മുഖേന 2016-17 സാമ്പത്തിക വർഷത്തിൽ 2,689.526 ഹെക്ടർ സ്ഥലത്തിന് ജലസേചന സൗകര്യം ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. |

Saira.V

സെക്ഷൻ ഓഫീസർ